"ഭരണഭാഷ-മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയുടെ സർവ്വീസ് റൂൾസ് ആന്റ് റെഗുലേഷൻസ് പ്രസിദ്ധീകരിക്കുന്നതിന് കെ.ബി.പി.എസ്. മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.2/2023/SPD തീയതി,തിരുവനന്തപുരം, 20-03-2023

---

പരാമർശം:-
1. 22/03/2017-ലെ സ.ഉ.(കൈ) 79/17/ഉവിവ നമ്പർ ഉത്തരവ്.
2. കെ.ബി.പി.എസ്. മാനേജിംഗ് ഡയറക്ടറുടെ 21/07/2018-ലെ P&A3/577/2018/3286 നമ്പർ കത്ത്.
3. കെ.ബി.പി.എസ്. മാനേജിംഗ് ഡയറക്ടറുടെ 18/10/2022-ലെ P&A3/577/2022/4264 നമ്പർ കത്ത്.
4. കെ.ബി.പി.എസ്. മാനേജിംഗ് ഡയറക്ടറുടെ 06/01/2023-ലെ P&A3/577/2023/43 നമ്പർ കത്ത്.

**ഉത്തരവ്**

കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിങ് ഡയറക്ടർ, ടി സ്ഥാപനത്തിന്റെ ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തോടെ, 85 ഓളം തസ്തികകൾക്ക് ബാധകമായ കരട് സർവീസ് റൂൾസ്, പരിശോധനക്കും, അംഗീകാരത്തിനുമായി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ടി സർവീസ് റൂൾസിന്റെ വിശദമായ പരിശോധനയിൽ, പരാമർശം 1 പ്രകാരം ശമ്പള സ്കെയിൽ അനുവദിച്ചു നൽകിയുള്ള തസ്തികകൾക്ക് ഉപരിയായി, ചില തസ്തികകൾ കൂടി ഉൾക്കൊള്ളിച്ചിട്ടുള്ളതായും, പല തസ്തികകൾക്കും പേരുമാറ്റം ഉൾപ്പടെയുള്ള മാറ്റങ്ങൾ ശിപാർശ ചെയ്തിട്ടുള്ളതായും കണ്ടെത്തി.

2) കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, കേരള പബ്ലിക് സർവീസസ് ആക്ടിനു കീഴിൽ വരുന്ന സ്ഥാപനം അല്ലാത്തതിനാൽ വിശേഷാൽ ചട്ട ഭേദഗതിയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള, 19/07/2010-ലെ 11884/R1/07/P&ARD നം. സർക്കുലറിലെ നടപടിക്രമങ്ങൾ ഈ സ്ഥാപനത്തിന് ബാധകമായി വരുന്നില്ല എന്ന് വിലയിരുത്തപ്പെട്ടു. ആകയാൽ, പരാമർശം (1) ഉത്തരവു പ്രകാരം ടി സ്ഥാപനത്തിന് ശമ്പള സ്കെയിൽ അനുവദിച്ചു നൽകിയിരുന്ന തസ്തികകൾക്കു മാത്രം ബാധകമാകുന്ന വിധത്തിലും, തസ്തിക പേരു മാറ്റം ഇല്ലാതെയും, സർവീസ് ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി അനുവാദം നൽകുന്ന വിഷയത്തിന്മേൽ തുടർ പരിശോധനകൾ നടത്തുകയും മേൽ പറഞ്ഞതിന് അനുസൃതമായി തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

2) മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ളതും, നിലവിൽ പ്രാബല്യത്തിൽ ഉള്ളതുമായ 50 തസ്തികകൾക്കു മാത്രം ബാധകമായ സർവീസ് റൂൾസ് പ്രസിദ്ധീകരിക്കുന്നതിന് കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

മാനേജിംഗ് ഡയറക്ടർ, കെ.ബി.പി.എസ്., കാക്കനാട്, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് സഹിതം)
ധനകാര്യ വകുപ്പ്.
വിവരസാങ്കേതിക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Bindu V K
Date: 20-03-2023 12:07:37
സെക്ഷൻ ഓഫീസർ